(സി) നല്ല രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള മുറികൾ, റെസ്റ്റോറന്റുകൾ, ബാർ, ബിയർ പാർലറുകൾ, സ്വിമ്മിംഗ് പൂൾ, കോൺഫറൻസ് ഹാൾ, ബ്യൂട്ടി സലൂണുകൾ, ഫ്ളവർ ഷോപ്പ്, ബുക്ക്ഷോപ്പ്, ട്രാവൽ കൗണ്ടർ, ബാങ്ക്, ഹാന്റി ക്രാഫ്റ്റ് ഷോപ്പ് എന്നീ സംവിധാനങ്ങളും ഈ സ്റ്റാർ ഹോട്ടലുകളിലുണ്ട്.

(ഡി) കെ.ടി.ഡി.സി. യിൽ ഇപ്പോൾ 700 സ്ഥിരം ജീവനക്കാരുണ്ട്.

(ഇ) 750 താൽക്കാലിക ജീവനക്കാരുണ്ട്.

(എഫ്) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

119 (2305) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ നിയമനം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ 1995 ൽ നിയമനം ലഭിച്ച റിസപ്ഷനിസ്റ്റ്, ഹൗസ് കീപ്പേഴ്സ് എന്നിവർക്ക് എത്ര വർഷത്തേയ്ക്കായിരുന്നു ട്രയിനിംഗ് നിശ്ചയിച്ചിരുന്നത്;

(ബി) ഇവരിൽ ചിലർക്ക് ട്രെയിനിംഗ് കാലയളവു ഒരു വർഷത്തിൽ നിന്നും രണ്ട് വർഷത്തേയ്ക്ക് അറിയിപ്പുപോലും നൽകാതെ നീട്ടിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതേ വർഷം നിയമിക്കിപ്പെട്ട മറ്റു ചിലർക്ക് ട്രെയിനിംഗ് കാലയളവ് ഒരു വർഷമായി കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡത്തിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) രണ്ട് വർഷമാക്കപ്പെട്ട വിഭാഗം ജീവനക്കാർ പ്രസ്തുത തീരുമാനത്തിനെതിരെ നൽകിയ നിവേദത്തിന്മേൽ തീരുമാനമായോ; എങ്കിൽ എന്തായിരുന്നു തീരുമാനം;

(ഇ) ട്രെയിനിംഗ് കാലയളവിലെ ആർജ്ജിതാവധി ആദ്യവർഷം 1/22 വീതവും രണ്ടാംവർഷം 1/11 വീതവും കണക്കാക്കി അനുവദിക്കുമോ?

ഉത്തരം

(എ)&(ബി) കെ.ടി.ഡി.സി.യിൽ 1995 ൽ റിസപ്ഷനിസ്റ്റ്, ഹൗസ്കീപ്പർ എന്നീ തസ്തികകളിൽ ഒരു വർഷത്തെ ട്രെയിനിംഗ് നിശ്ചയിച്ച സ്ഥിര ഒഴിവിലേക്കാണ് നിയമനം നടത്തിയത്. എന്നാൽ പ്രസ്തുത നിയമനത്തെ ചോദ്യം ചെയ്ത് കേരളാ ഹൈക്കോടതിയിൽ ഒരു കേസ്സ് നിലവിലുണ്ടായിരുന്നതുകൊണ്ടും സർക്കാരിൽ നിന്നുള്ള ഉത്തരവ് കിട്ടാൻ വൈകിയതുകൊണ്ടും കെ.ടി.ഡി.സി. ട്രെയിനിംഗ് കാലയളവ് ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി കൊടുത്തിരുന്നു.

(സി) ഇതേ വർഷം നിയമിക്കപ്പെട്ട 4 റിസപ്ഷനിസ്റ്റുകളെ നിലവിലുണ്ടായിരുന്ന ഒഴിവിലേക്കാണ് നിയമിച്ചത്. അവരുടെ നിയമനത്തിന്റെ പേരിൽ കേസ്സ് ഇല്ലാതിരുന്നതുകൊണ്ടും ഗവൺമെന്റിന്റെ അനുമതി ആവശ്യമില്ലായി

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
406/2010.

LIBRARY ARCHIVES Kerala Legislative Assembly

രുന്നതുകൊണ്ടും ഒരു വർഷത്തെ ട്രെയിനിംഗ് കഴിഞ്ഞ് അവരെ റെഗുല റൈസ് ചെയ്തു.

(ഡി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. പ്രശ്നം കോടതിയുടെ പരിഗണനയിലാണ്.

(ഇ) കെ.ടി.ഡി.സി.യിൽ നിലവിലുള്ള നിയമമനുസരിച്ചാണ് അവധി കണക്കാക്കുന്നത്. കമ്പനി ട്രെയിനികളുടെ അവധി സംബന്ധിച്ച് നിലവിലുള്ള ദീർഘകാലകരാറിൽ പ്രത്യേക വ്യവസ്ഥകൾ ഉണ്ട്. അതു പ്രകാരമാണ് ട്രെയി നികൾക്ക് അവധി അനുവദിക്കുന്നത്. ഇക്കാര്യത്തിൽ മാറ്റമൊന്നും വരുത്താ നുദ്ദേശിക്കുന്നില്ല.

120 (2306) കെ.ടി.ഡി.സി. ഹോട്ടലുകളിലെ നിയമനം

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ആരംഭിച്ച ഹോട്ടലുകളിൽ എത്ര ജീവനക്കാരെ നിയമിച്ചി ട്ടുണ്ട്;

(ബി) ഇവരുടെ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷന്റെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്ന തിന് എന്തെങ്കിലും ഉത്തരവുകൾ നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ ഒരു പ്രതി ലഭ്യമാക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ ഹോട്ടലുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. കെ.ടി.ഡി.സി. യുടെ കീഴിലാണ് ഹോട്ടലുകൾ പ്രവർത്തി ക്കുന്നത്. ഈ കാലയളവിൽ 124 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) കെ.ടി.ഡി.സി.യിൽ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നടത്തുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ട്. ചില തസ്തികകളിൽ നേരിട്ടുള്ള നിയമനങ്ങളിലും സംവരണതത്വം കഴിയു ന്നത്ര പാലിക്കാറുള്ളതായി കെ.ടി.ഡി.സി. അറിയിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. കെ.ടി.ഡി.സി.യിൽ നേരിട്ട് നടത്തുന്ന നിയമനങ്ങളിൽ ഇനി വരുന്ന ഒഴിവുകളിൽ ജാതി തിരിച്ചിട്ടുള്ള റൊട്ടേഷൻ റോസ്റ്റർ കർശന മായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly